ണ്ടുപോകുന്നതിനുള്ള വായ്പകളും ലഭ്യമാകുന്നുണ്ട്. ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനും വായ്പകൾ അനുവദിക്കുന്നുണ്ട്. കൂടാതെ സ്വയംതൊഴിൽ സംരംഭ വാഹനവായ്പകളും നൽകിവരുന്നുണ്ട്.

(ബി) കൃഷി ആവശ്യത്തിനുള്ള വായ്പകൾ ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള വായ്പാ തോതിന്റെയും, കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിന്റേയും അടിസ്ഥാനത്തിലാണ് അനുവദിക്കുന്നത്. ചെറുകിട കച്ചവടം, കൈത്തൊഴിൽ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് രണ്ടുലക്ഷം രൂപവരെയും വൻകിട വ്യവസായങ്ങൾക്ക് പതിനഞ്ചുലക്ഷം രൂപവരെയും വായ്പ നൽകിവരുന്നു. വാഹന വായ്പയിനത്തിൽ പത്തുലക്ഷം രൂപ വരെ നൽകുന്നുണ്ട്.

(സി) കൃഷിയാവശ്യങ്ങൾക്കായി 25,000 രൂപവരെയുള്ള വായ്പകൾക്ക് 12% പലിശയും 25,000 രൂപ മുതൽ 2 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് 14% പലിശയും 2 ലക്ഷത്തിനുമുകളിൽ 16.5 ശതമാനം പലിശയും ഈടാക്കിവരുന്നു. വ്യവസായാവശ്യങ്ങൾക്കായി നൽകിവരുന്ന 2 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 12% പലിശയും 2 ലക്ഷത്തിനുമുകളിലുള്ള വ്യവസായ വായ്പകൾക്കും വാഹന വായ്പകൾക്കും 16.5% പലിശയും ഈടാക്കിവരുന്നു. മറ്റു ചില വായ്പകൾക്ക് 18% പലിശയും ഈടാക്കിവരുന്നു.

(ഡി)-(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ഇല്ല.

(എച്ച്) ഇത്തരം ഒരു സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഫിഷറീസ് മേഖലയിൽ സഹകരണ ബാങ്കിന്റെ പ്രവർത്തനം

167 (951)ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷറീസ് മേഖലയിൽ മാത്രമായി സഹകരണ ബാങ്കുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) മത്സ്യബന്ധന മേഖലയിൽ അമിത പലിശയ്ക്ക് വായ്പ നൽകുന്നവരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുവാൻ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ;

(സി) സഹകരണ ബാങ്കിംഗ് മേഖലയിൽ നിലവിലുള്ളതിനേക്കാൾ കൂടുതൽ പ്രവർത്തനം മത്സ്യമേഖലയിൽ നടത്താൻ ഉദ്ദേശമുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് വായ്പാ സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി കടലോര ജില്ലകളിൽ ജില്ലാ മത്സ്യത്തൊഴിലാളി സഹകരണ ബാങ്കുകൾ ആരംഭിക്കുവാൻ മത്സ്യബന്ധന തുറമുഖ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ആയവ ആരംഭിക്കാൻ സാങ്കേതിക ബുദ്ധിമുട്ട് ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യത്തൊഴിലാളികൾക്ക് പലിശരഹിത വായ്പ നൽകുന്നതു സംബന്ധിച്ച് മത്സ്യഫെഡ് മത്സ്യബന്ധന തുറമുഖ വകുപ്പിന് ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികൾക്ക് മറ്റു മേഖലയിൽ ഉള്ളതിനേക്കാൾ കുറഞ്ഞ പലിശ നിരക്കിൽ പലിശ രഹിത വായ്പകൾ നൽകുവാനാണ് മത്സ്യ ഫെഡ് ലക്ഷ്യമിട്ടിട്ടുള്ളത്.

സഹകരണ സ്ഥാപനങ്ങളിലെ നിയമനത്തിനുള്ള കാലതാമസം

168 (952)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. വഴിയുള്ള നിയമനം നീണ്ടുപോകുന്നതുകൊണ്ട് സഹകരണ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം ഒഴിവാക്കി എത്രയുംവേഗം പി.എസ്.സി. വഴി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) പി.എസ്.സി.യ്ക്ക് നിയമനം വിടുവാൻ തീരുമാനിച്ചിട്ടുള്ള സഹകരണ സ്ഥാപനങ്ങളിൽ എത്ര പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് ഗവൺമെന്റ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കണക്ക് എത്രയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി.എസ്.സി.യുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(സി) 1999 മാർച്ച് മാസത്തെ കണക്കുകൾ പ്രകാരം 1501 ഒഴിവുകൾ ഉണ്ട്.

ഉപഭോക്തൃ സഹകരണസംഘങ്ങൾ സ്ഥാപിക്കാൻ നടപടി

169 (953)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 50 തൊഴിലാളികളെങ്കിലും ഉള്ള വ്യവസായ സ്ഥാപനങ്ങളിൽ ഉപഭോക്തൃ സഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതിന് സെൻട്രലി സ്പോൺസേർഡ് പദ്ധതി നിലവിലുണ്ടോ;

(ബി) സർക്കാർ ഉടമയിലുള്ള എത്ര വ്യവസായ സ്ഥാപനങ്ങളിൽ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; സ്വകാര്യ ഉടമയിൽ എത്ര; പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്നവ എത്ര; വിശദമാക്കുമോ?

ഉത്തരം

(എ) നിലവിലില്ല.

(ബി) സർക്കാർ ഉടമയിലുള്ള വ്യവസായ സ്ഥാപനങ്ങളിൽ 64 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ 14 എണ്ണം കൺസ്യൂമർ സംഘങ്ങളും 50 എണ്ണം ക്രെഡിറ്റ് സംഘങ്ങളുമാണ്. സ്വകാര്യ ഉടമയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly